സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ഹിംസയുടെയും, അധികാരത്തിന്റെയും നിഗൂഢസമവാക്യങ്ങൾ അബിൻ ജോസഫിന്റെ കഥകളിൽ



ഡോ. പ്രിൻസ് മോൻ ജോസ്

സംഗ്രഹം

സമകാലിക മനുഷ്യജീവിതത്തെ നിർണയിക്കുന്ന അധികാരബന്ധങ്ങളുടെയും ഹിംസാത്മക ഇടപെടലുകളുടെയും സങ്കീർണതകൾ വ്യത്യസ്ത ആഖ്യാനതന്ത്രങ്ങളിലൂടെ അബിൻ ജോസഫിന്റെ കഥകളിൽ അവതരിപ്പിക്കപ്പെടുന്നു. ചരിത്രം, രാഷ്ട്രീയം, പ്രത്യയശാസ്ത്രം, അധിനിവേശം, കുടുംബബന്ധങ്ങൾ, പ്രണയം, ലൈംഗികത, ജനിതകവാസനകൾ, സ്വത്വപ്രതിസന്ധികൾ തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളെ കഥാകൃത്ത് തന്റെ രചനകളിൽ പരസ്പരം ബന്ധിപ്പിക്കുന്നു. അധികാരം കേവലം ഭരണകൂടത്തിന്റെയോ രാഷ്ട്രീയസ്ഥാപനങ്ങളുടെയോ മാത്രം പ്രയോഗമല്ലെന്നും വ്യക്തിബന്ധങ്ങളിലും സാമൂഹികഘടനകളിലും സാംസ്കാരികബോധത്തിലും അതിന്റെ സൂക്ഷ്മവും ഹിംസാത്മകവുമായ സാന്നിധ്യമുണ്ടെന്നും കഥകൾ വ്യക്തമാക്കുന്നു. അധികാരത്തിന്റെ ഈ ഇടപെടലുകൾ പലപ്പോഴും വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും സ്വത്വത്തെയും ചരിത്രബോധത്തെയും നിർണയിക്കുന്നതായി കാണാം.

'കല്ല്യാശ്ശേരി തീസിസ്' എന്ന കഥയിലൂടെ ചരിത്രനിർമ്മിതിയിൽ അധികാരവും അറിവിന്റെ പ്രാമാണ്യവും വഹിക്കുന്ന പങ്കാണ് പരിശോധിക്കുന്നത്. ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുന്നതും തമസ്കരിക്കപ്പെടുന്നതുമായ വസ്തുതകൾക്കിടയിലെ വിടവ് അന്വേഷിക്കുന്ന ആഖ്യാതാവ് അധികാരത്തിന്റെ ഹിംസാത്മകമായ അറിവുനിർമ്മാണത്തെ ചോദ്യം ചെയ്യുന്നു. '100 മില്ലി കാവ്യജീവിതം' എന്ന കഥയിൽ കലാസ്വപ്നവും ചൂഷണവും കുടുംബഹിംസയും ദുരന്തപരമായ മനുഷ്യാവസ്ഥയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. 'ഹിരോഷിമയിലെ പൂപ്പ'യിൽ വംശീയഹത്യയും യുദ്ധവും സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ വ്യക്തിയുടെ ജീവിതത്തിലേക്ക് എങ്ങനെ പടർന്നുകയറുന്നു എന്നത് അവതരിപ്പിക്കുന്നു. 'ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ലാൻ' സാംസ്കാരിക അധിനിവേശത്തിനും സാമ്രാജ്യത്വചിന്തയ്ക്കുമെതിരായ പ്രതിരോധത്തിന്റെ സാധ്യതകളെ അന്വേഷിക്കുന്നു.

അതേസമയം, 'എന്റെ ലൈംഗികാന്വേഷണപരീക്ഷണങ്ങൾ' പ്രണയത്തിന്റെയും ലൈംഗികാഭിലാഷത്തിന്റെയും സങ്കീർണതകളെ പുതിയൊരു ഭാവുകത്വത്തിലൂടെ അവതരിപ്പിക്കുമ്പോൾ, 'സഹയാത്രിക' പൈതൃകവും ജനിതകവാസനകളും കുടുംബബന്ധങ്ങളും വ്യക്തിയുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന അന്വേഷണമായി മാറുന്നു. 'പ്രതിനായകൻ' രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളും ചരിത്രസന്ദർഭങ്ങളും വ്യക്തിയുടെ സ്വത്വത്തിലും ജീവിതബോധത്തിലും സൃഷ്ടിക്കുന്ന സംഘർഷങ്ങളെ ആവിഷ്കരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ അബിൻ ജോസഫിന്റെ കഥകളിലെ ഹിംസ കേവലം ശാരീരിക ആക്രമണമായി ചുരുങ്ങുന്നില്ല; ചരിത്രത്തെ നിയന്ത്രിക്കുന്ന അധികാരം, സാംസ്കാരിക അധിനിവേശം, രാഷ്ട്രീയ അടിച്ചമർത്തൽ, സാമ്പത്തിക ചൂഷണം, കുടുംബബന്ധങ്ങളിലെ സംഘർഷം, വ്യക്തിയുടെ ആന്തരിക പ്രതിസന്ധി എന്നിവയിലേക്കും അത് വ്യാപിക്കുന്നു. അധികാരത്തിന്റെ രൂപാന്തരങ്ങളും അതിനെതിരായ മനുഷ്യന്റെ പ്രതിരോധവും അതോടൊപ്പം വ്യക്തിയുടെ നിസ്സഹായതയും സ്വത്വാന്വേഷണവും ആഖ്യാനം ചെയ്യുന്ന അബിൻ ജോസഫിന്റെ കഥകൾ സമകാലിക മലയാളചെറുകഥയുടെ ശ്രദ്ധേയമായ വ്യതിരിക്തതകളെ അടയാളപ്പെടുത്തുന്നു.

താക്കോൽവാക്കുകൾ: അധിനിവേശം, സാമ്രാജ്യത്വം, പ്രത്യയശാസ്ത്രം, സ്വത്വപ്രതിസന്ധി, രാഷ്ട്രീയഹിംസ, സാംസ്കാരിക അധിനിവേശം, ലൈംഗികത, പൈതൃകം, പ്രതിരോധം.

* അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്

നൂതനമായ രചനാതന്ത്രങ്ങൾകൊണ്ടും പ്രമേയതലത്തിലെ അസാമാന്യതകൊണ്ടും തീക്ഷ്ണപ്രഭാവം പ്രസരിപ്പിച്ച എഴുത്തുകാരനാണ്, അബിൻ ജോസഫ്.പുതുകാലത്തിന്റെ പ്രസന്നവും, നിഗൂഢവും കുടിലവും വൈവിധ്യപൂർണവുമായ സാംസ്കാരികപരിണതികളെ ഭാഷയുടെ അപാരസാധ്യതകളുമായി സംലയിപ്പിക്കുന്ന രചനാമാന്ത്രികത അദ്ദേഹത്തിന്റെ കഥകൾ പ്രകടിപ്പിക്കുന്നു. സാധാരണജീവിതചിന്തകളെ സ്വാധീനിക്കുന്ന പ്രത്യയശാസ്ത്രവ്യഥകളെയും, നിലപാട് രാഷ്ട്രീയങ്ങളെയും, അധികാരഇടപെടലുകളെയും ഇവയെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന താത്വികപ്രതിസന്ധികളെയും അദ്ദേഹത്തിന്റെ കഥകൾ പ്രമേയവത്ക്കരിക്കുന്നു.ജീവിതം കൊണ്ടെത്തിക്കുന്ന യാദൃശ്ചികസന്ദർഭങ്ങളിൽ, അപകടങ്ങൾ പതിയിരിക്കുന്ന അവസാനപന്തിൽ സിക്സറടിച്ചു കളിജയിക്കാൻ നിർബന്ധിതനാക്കപ്പെടുന്നവന്റെ വിഹ്വലതകളും, ആശങ്കകളും സ്ഥൈര്യവുമാണ് അബിന്റെ കഥകൾക്ക് ചൈതന്യം പകർന്നിട്ടുള്ളത്. അധ്യാപകജീവിതത്തിനിടയിൽ കുറച്ചുസമയത്തെ ക്ലാസിനുശേഷം മറ്റൊന്നും ചെയ്യാനില്ലാത്ത ശൂന്യത, കഠിനമായഅരക്ഷിതാവസ്ഥ, പ്രത്യയശാസ്ത്രപ്രതിസന്ധി, സിഗ്നേച്ചർ ബാക്കിവെക്കാനാവാതെ ലോകത്തോട് വിടപറയേണ്ടിവരുമോയെന്ന പേടി, മുതലായ പ്രശ്നങ്ങളിൽ നിന്ന് മോചനം നേടാനുള്ള മാർഗമായി അദ്ദേഹം കഥാരചനയെ തെരഞ്ഞെടുത്തു. ഇപ്രകാരം സ്വകാര്യവും സാമൂഹികവുമായ ചിന്താസന്ദേഹങ്ങളും സർഗാത്മകതയും സമന്വയിപ്പിക്കുന്ന കഥാമുകുളങ്ങളാണ് അബിൻ ജോസഫിന്റേത്.

അധികാരവും സംസ്കാരവും നിഗൂഢമായി താലോലിക്കുന്ന അധിനിവേശത്തിന്റെ പാഠങ്ങൾ എങ്ങനെ ചരിത്രപരമായി, ശരികളായി അംഗീകരിപ്പെടുന്നു എന്നതിന്റെ സാംഗത്യം അനാവൃതമാക്കുന്ന കഥയാണ് കല്ല്യാശ്ശേരി തീസിസ്. ചില വസ്തുതകൾ ചരിത്രാത്മകമായി താലോലിക്കപ്പെടുകയും ചിലത് തമസ്കരിക്കപ്പെടുകയും ചെയ്യുന്നത് ബോധപൂർവകമായി രഹസ്യാത്മകമായി ക്രമീകരിക്കപ്പെടുന്നതാണെന്നത് സംശയിക്കേണ്ടിയിരിക്കുന്നു. സഖാവ് എൻ.സി.ആർ. നാരായണന്റെ പാർട്ടി തിരുത്തൽരേഖ പുറത്തുവന്ന സംഘർഷാത്മകമായ ചരിത്രസംഭവത്തിനൊപ്പം കല്ല്യാശ്ശേരിയിൽ ചില അനർത്ഥങ്ങളും ഉണ്ടായി. നൂറുദ്ദീൻ മുസലിയാർ നാട്ടിൽ നിന്നും പുറപ്പെട്ടുപോയി. രേഖയുടെ പേരിൽ സഖാവിനെ പാർട്ടിയിൽ നിന്നു പുറത്താക്കി. ചിദംബരം ചെട്ടിയുടെ കയ്യിൽനിന്നും ഒരായുർവേദഗ്രന്ഥം വാങ്ങാൻ അഞ്ചാം പീടികയിൽ വണ്ടിയിറങ്ങിയ ഒരാളുടെ ശവം ഇന്നുവരെ കണ്ടെത്തിയിട്ടില്ല. ചരിത്രഗതി അവശേഷിപ്പിച്ച ഈ വിടവിന്റെ വസ്തുത തേടി സഞ്ചരിക്കുന്ന ആഖ്യാതാവിന്റെ അന്വേഷണത്തിന്റെ തലങ്ങളെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്. ഓനച്ചൻ മാപ്പിളയും രാമാനുജൻ മൂസതും ചെട്ടിയുടെ വീട്ടിലേക്ക് സാവധാനം നടന്നു. രാമാനുജൻ മൂസതിന് അറിയില്ലായിരുന്നു അത് തന്റെ ജീവിതത്തിലെ അവസാനദിനമാണെന്ന്. എന്റെ അച്ഛനാണ് അദ്ദേഹം. കല്ല്യാശ്ശേരി ദേശചരിത്രത്തിനൊപ്പം കല്ല്യാശ്ശേരി തീസിസ് എഴുതിചേർക്കപ്പെട്ടെങ്കിൽ തന്റെ അച്ഛന്റെ ചരിതം ആരോ തമസ്കരിച്ചതായി അദ്ദേഹത്തിനുതോന്നി. ഈ സത്യത്തിന്റെ നിഗൂഢതപേറുന്ന ഓനച്ചൻ മാപ്പിള പത്തുകൊല്ലംമുമ്പ് തന്നെ കെട്ടിപ്പിടിച്ചു കരഞ്ഞതും സങ്കടവ്യാധിയിൽ രാത്രിയിൽ മരണപ്പെട്ടതും മനസിലുണ്ട്. ഇനിസത്യം എവിടെ തിരയും. അന്വേഷണവഴികളിൽ ഡിക്കൂറ്റീവിനെ പോലെ ചതുരതയോടെ നടന്ന അയാൾ വേദരാമന്റെ അടുക്കലെത്തുന്നു. അയാളിൽ നിന്നുകിട്ടിയ ഗ്രന്ഥക്കെട്ടിൽ നിന്നും ആ സത്യത്തിന്റെ നിഗൂഢത അറിഞ്ഞ അയാൾ ഞെട്ടി എഴുന്നേൽക്കുന്നു. ചിദംബരം ചെട്ടിയാർ പറഞ്ഞ വാചകം അയാളുടെ നെഞ്ചിൽ ചോരപൊടിച്ചു. മൂസത് ശരിക്കും വൈദ്യനാണ്, മാപ്പിള, കച്ചവടക്കാരനും. ഒടുവിൽ അഞ്ചാം പീടികയിലെ ഭഗവതിക്കാവിനു പിന്നിലുള്ള താമരചതുപ്പിൽ നിന്ന് അച്ഛന്റെ വാറുപൊട്ടിയ വള്ളിചെരുപ്പ് എന്റെ ഹൃദയത്തിലേക്ക് പതിയെ പൊങ്ങിവന്നു എന്നാണ് കഥാകാരൻ രേഖപ്പെടുത്തുന്നത്. ഇരുട്ടിനെ അകറ്റി തെളിഞ്ഞുതെളിഞ്ഞ് സുതാര്യമാകുന്ന ചരിത്രവഴികളുടെ മുദ്രണങ്ങളാണ് ഇവിടെ രേഖീകൃതമായിരിക്കുന്നത്. അറിവിന്റെ പ്രാമാണ്യവും ആധിപത്യവും ഏകാന്വിതമായി കേന്ദ്രീകരിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന ഹിംസാത്മകനിലപാടുകൾ ഇരകളാക്കപ്പെടുന്നവരെ പുറത്താക്കപ്പെടുകയോ, നിഷ്കാസനം ചെയ്യുകയോ ചെയ്യുന്നു. ഈ തലത്തിലാണ് രാമാനുജൻ മൂസതിന്റെ തിരോധാനവും വിലയിരുത്തപ്പെടുന്നത്.

കവിയും സിനിമാനിർമാതാവും ആകാനാഗ്രഹിക്കുന്ന സദാനന്ദൻ വക്കീലിന്റെ ജീവിതദുഃഖങ്ങളെ അനാവരണം ചെയ്യുന്ന കഥയാണ് 100 മില്ലി കാവ്യജീവിതം. ജോൺ എബ്രാഹത്തിന്റെ ആരാധകനായ അയാൾ പുരയിടംവിറ്റ് സിനിമാനിർമാണത്തിനിറങ്ങുമ്പോൾ കുര്യന്റെ വഞ്ചനയ്ക്ക് ഇരയാകുന്നു.ഒടുവിൽ സ്വത്തെല്ലാം നഷ്ടപ്പെട്ട് ജീവിതവും നശിച്ച് മകന്റെ കയ്യാൽ അയാൾ കൊല്ലപ്പെടുന്നു. ജോൺ എബ്രാഹമിന്റെ ചെറിയാച്ചന്റെ ക്രൂരകൃത്യത്തെ ഓർമ്മിപ്പിക്കുന്ന അച്ഛൻറ വാക്കുകൾ, കടവായിലൂടെ ഒലിച്ചിറങ്ങിയ

ISSN No: 3049-0316 വാല്യം 3 ലക്കം 1 ഒക്ടോബർ 2026

ചോരയ്ക്കൊപ്പം മുഖത്തേക്ക് തെറിച്ചത് മകനിൽ ഭ്രാന്തമായ ഉന്മാദങ്ങളാണ് ഉണർത്തിയത്. എബ്രാഹമെ നീ പിടിച്ചതിനേക്കാളൊക്കെ, വെല്യ സിനിമ,എന്റെ സിനിമ നീ കൂടെ കാണേണ്ടതായിരുന്നുവെന്ന് വക്കീൽ മരണത്തിനുമുമ്പ് പുലമ്പുമ്പോൾ ആ വേദന കൂടുതൽ ആയാസപ്പെടുത്തുന്നുണ്ട്. ജീവിതത്തിന്റെ വിധി വൈപരീത്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനാവാത്ത മനുഷ്യന്റെ നിസഹായതയും, പിതൃഘാതകനെന്ന ദുരന്തം ഏറ്റുവാങ്ങിയ മകന്റെ ജല്പനങ്ങളും ഹൃദയത്തെ ഭാരപ്പെടുത്തുമ്പോൾ ഹിംസാത്മകതയുടെ ചോരമണമാണ് ഇവിടെ പടരുന്നത്.

ഇരകളാകാൻ വിധിക്കപ്പെടുന്നവരുടെ വിഹ്വലതകളും മാനസികസംഘർഷങ്ങളും സിരകളിലൂടെ മരവിപ്പായി പടരുന്നത് ഹിരോഷിമയിലെ പൂപ്പ എന്ന കഥയിലെ അനുഭവമാണ്. വംശീയഹത്യയും കലാപവും നിത്യസാന്നിധ്യമായ ആഫ്രിക്കൻ വനാന്തരങ്ങളിലെ ഏതോ ദേശത്തുനിന്നും തോബിയാസ് പോത്തനുവന്ന ഫോൺകോളിലൂടെയാണ് കഥ സാവധാനം വികസിക്കുന്നത്. എപ്പോൾ വേണമെങ്കിലും ജീവൻ നഷ്ടപ്പെടുമെന്ന അവസ്ഥയിലായിരുന്ന ഫാദർ പീറ്റർ കാഞ്ഞിരക്കാട്. തോക്കുകഴലിനു മുമ്പിൽ ഭയന്നുവിറച്ച അതേ അരക്ഷിതാവസ്ഥയിൽ തന്നെയായിരുന്ന പക്ഷേ തോബിയാസ് പോത്തനും. മകളും മരുമകനും സ്വത്തിനുവേണ്ടി തന്നെ എപ്പോൾ വേണമെങ്കിലും കൊല്ലുമെന്ന് അയാൾക്കറിയാം. ഒടുവിൽ തോബിയാസ് പോത്തനെ കൊല്ലാൻ മകളും മരുമകനും മൂന്നാലാളുകളുമായി പടികയറിവരുമ്പോൾ ആ ഭീതി തീവ്രതരമാകുന്നു.ഒപ്പം മരണമുഖത്തുനിന്നും വെപ്രാളപ്പെട്ടു വിളിക്കുന്ന ഫാദറിന്റെ വിളിയും സന്ദർഭത്തെ കലുഷിതമാക്കുന്നു.അയാൾ പെട്ടിയിൾ ഒളിപ്പിച്ചിരുന്ന് ഇരട്ടക്കുഴൽ തോക്ക് പുറത്തെടുത്തു. മേശവലിപ്പിൽ നിന്നെടുത്ത തിരകൾ അതിലിട്ടു. തറയ്ക്കും മുറിയുടെ വാതിലിനും ഇടയിലെ വിടവിലൂടെ ദിനോസറിനോളം വലുപ്പമുള്ള മൂന്നുനിഴലുകൾ തോബിയാസിനു പിന്നിലേക്കു നീണ്ടുവന്നു. നാലു ഭ്രഖണ്ഡങ്ങൾക്കപ്പുറത്തുനിന്നുള്ള ഒരായിരം അലമുറകൾ മുറിയിൽ വിങ്ങിപ്പടർന്നു. ഭാഷ തിരിച്ചറിയാനാവാത്ത ഏങ്ങലടികൾ അയാളുടെ നെഞ്ചിനൊപ്പം പെരുകി. ചെവിതുളച്ചെത്തിയ അനേകം അട്ടഹാസങ്ങൾ തലച്ചോറിന്റെ ഇരുണ്ട വൻകരയിൽ മിസൈലുകൾ വർഷിച്ചപ്പോൾ തോബിയാസ് ഭയാനകമായി പല്ലുകടിച്ചു. പിന്നെ തോക്കിന്റെ ട്രിഗറിൽ വിരൽ വച്ചശേഷം പട്ടാളതൊപ്പിക്കുതാഴെയുള്ള കുറെ നെറ്റിത്തടങ്ങൾ ലക്ഷ്യമാക്കികൊണ്ട് വാതിലിവുനേരെ പാഞ്ഞടുത്തു എന്നിങ്ങനെയാണ് കഥ പര്യവസാനിക്കുന്നത്.

അധികാരവും സാമ്രാജ്യത്വവും രഹസ്യാത്മകമായി അധിനിവേശം നടത്തുമ്പോൾ വിപ്ലവത്തിന്റെ പുതുവഴികൾ തേടേണ്ടതുണ്ട് എന്ന് ഓർമ്മിപ്പിക്കുന്ന കഥയാണ് ഫ്രഞ്ച് വിപ്ലവത്തിന്റെ പ്ളാൻ.പണ്ട് അപ്പനായരെന്ന മാടമ്പിയെ കൊല്ലുന്നതിനുശ്രമിച്ചു പരാജയപ്പെട്ട് നാടുവിട്ട മട്ടുമുരളി, ശ്യാമളൻ ,കഥാനായകൻ എന്നിവരുടെ വിമോചനസ്വപ്നങ്ങളാണ് കഥയിൽ നിറയുന്നത്. കാലങ്ങൾക്കുശേഷം കഥാനായകന്റെ മെയിലിലേക്കുവന്ന മാവോയുടെ സന്ദേശത്തിലും ഈ ആഹ്വാനമുണ്ടായിരുന്നു. സുഹൃത്തേ അപ്പനായർ വലിയൊരു മഞ്ഞുമലയുടെ ഏറ്റവും അടിത്തട്ടിലെ ഒരുകുഞ്ഞ് ഐസ്ക്യൂബു മാത്രമായിരുന്നു.ലോകത്തിന്റെ മുഴുവൻ ഭാഷയേയും സംസ്കാരത്തേയും അതുവഴി ചരിത്രത്തേയും അടിച്ചമർത്തുന്ന അനേകം ഹിമാലയങ്ങൾ നമുക്കു മുന്നിലുണ്ട്. പോരാട്ടത്തിന്റെ തീക്ഷ്ണമായ ചൂടുകൊണ്ട് അതു നമുക്ക് ഉരുക്കിത്തീർക്കണം. അതിൽനിന്നുണ്ടാകുന്ന ജലപ്രവാഹത്തിന്റെ തീരത്ത് പുതിയൊരു ജനത ഉരുവമെടുക്കണം. ഈ സന്ദേശം കഥാനായകന്റെ ഞരമ്പുകളിലേക്ക് സുനാമികയറ്റം കയറുന്നത് കഥാന്ത്യത്തിലുണ്ട്. ആഗോളവത്ക്കരണവും യൂറോകേന്ദ്രചിന്തകളും രൂപപ്പെടുത്തുന്ന വിധേയത്വസ്വത്വങ്ങളെയല്ല ,ആർജ്ജവമുള്ള ധീരന്മാരെയാണ് പുതുകാലത്തിനാവശ്യമെന്നും, സാംസ്കാരികമായ ഈ അധിനിവേശം ചെറുക്കപ്പെടേണ്ടതു തന്നെയാണെന്നും ഈ കഥ ഉദ്ബോധിപ്പിക്കുന്നു.

പ്രണയം തീവ്രതരമായ ലൈംഗികാഭിരതികളുടെ അഭിലാഷങ്ങളിൽ ബന്ധിതമാണ്. അത് ശരീരത്തോടാകാം, പ്രണയിക്കുന്ന എന്തിനോടുമാകാം. ആ അഭിനിവേശത്തിന്റെ അനിർവചനീയതയെ സാധൂകരിക്കുന്ന കഥയാണ് എന്റെ ലൈംഗികാന്വേഷണപരീക്ഷണങ്ങൾ. പുസ്തകങ്ങളോട് പ്രത്യേകിച്ച് ചരിത്രപുസ്തകങ്ങളാടുള്ള തൃഷ്ണ പ്രണയത്തിന്റെ അപാരതതേടുന്ന ഭോഗസായൂജ്യങ്ങൾ തേടുന്നത് ഈ കഥയുടെ സുഖാനുഭൂതിയാണ്.

മുൻപു പരാമർശിച്ച കഥകളിൽ നിന്നെല്ലാം വേറിട്ടുനിൽക്കുന്ന രചനയാണ് സഹയാത്രിക ജന്മജന്മാന്തരങ്ങളായി തലമുറകളിലൂടെ പ്രസരിക്കുന്ന ജൈവികമായ ചോദനകളിൽ നിന്നും

പൈതൃകവാസനകളിൽനിന്നും മോചനം നേടാൻ ആർക്കും ആവില്ല. ഒരു സഞ്ചാരിയായി അലഞ്ഞുനടന്നുമരണപ്പെട്ട ഡാഡിയുടെ വഴിയെ തന്നെയാണ് മകളായ ലിഡിയയുടെയും യാത്ര. കുടുംബത്തെയും ഉടയോരെയും മറന്നുള്ള ഈ അലച്ചിലിനിടയിൽ അകന്നുപോകുന്ന ഊഷ്മളതകൾ ഒടുവിൽ ലിഡിയ തിരിച്ചറിയുന്നു. പരിചയമില്ലാത്ത രണ്ടുപേരായിട്ട് ജനിച്ചാ മതിയാരുന്നല്ലേ എന്നുപറഞ്ഞ് സഹോദരനെ ആലിംഗനം ചെയ്യുന്ന അവൾ സാഹോദര്യത്തിന്റെ പുതിയ ഹൃദയാകാശമാണ് പ്രസരിപ്പിച്ചത്. പക്ഷേ അപ്പോഴേക്കും അവളുടെ അമ്മാമച്ചിയും മമ്മയും അവളെ വേർപെട്ടുപോയി എന്നത് വേദനയുണർത്തുന്നുണ്ട്.

ജീവിതത്തിലെന്നും പ്രതിനായകരാകാൻ വിധിയ്ക്കപ്പെട്ട മേക്കാതൻ റാവുത്തരും അന്ത്രയോസ് പാതിരിയും കഥാപാത്രങ്ങളായ രചനയാണ് പ്രതിനായകൻ. വിമോചനസമരത്തിന്റെ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റ് നയങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും എതിരെ പോരാടിയ സമാന്തരചിന്താധാരയുടെ വക്താക്കളായിരുന്ന ഇവർ. ഇ.എം.എസ് മന്ത്രിസഭയ്ക്കെതിരെ മോസ്കോപിശാച് എന്ന നാടകം തട്ടിലെത്തിച്ച് ഇവർ കയ്യടി നേടി. എന്നാൽ ഈ പ്രശസ്തി ഏറെക്കാലം തുടരാൻ അവർക്ക് സാധിച്ചില്ല. കുമരകത്തുവച്ച് അവർ ക്രൂരമായി അക്രമിക്കപ്പെട്ടു. ഈ നാടകാവതരണത്തിൽനിന്ന് അവർക്ക് പിൻവാങ്ങേണ്ടിവന്നു.എന്നാലും കമ്മ്യൂണിസം തുടച്ചുനീക്കണം എന്നതായിരുന്ന അവരുടെ സ്വപ്നം. ഈ ആവേശത്തോടെ വടക്കനച്ചനെ കണ്ടപ്പോൾ ശാന്തഭാവത്തോടെ അദ്ദേഹം പറഞ്ഞു. അന്ത്രയോസ് പാതിരി മൂന്നുതരം പോരാട്ടങ്ങളാണ് സമൂഹത്തിൽ നടക്കാറുള്ളത്. ആശയങ്ങൾക്കെതിരെയും നയങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും. ഓരോന്നിനും അതിന്റേതായ രീതികളുമുണ്ട്. പക്ഷേ പോരാട്ടത്തെക്കാൾ പ്രധാനമായൊരു കാര്യമുണ്ട്. എന്തിനെതിരെയാണ് നമ്മൾ യുദ്ധം ചെയ്യുന്നതെന്നുള്ള തിരിച്ചറിവ്. അതില്ലെങ്കിൽ ചെയ്തതെല്ലാം ചിലപ്പോൾ പാഴായിപ്പോകും. ഇ.എം.എസ് മന്ത്രിസഭയ്ക്കെതിരെ മൂന്ന് നാടകങ്ങൾ ഇവർ തയ്യാറാക്കുന്നുണ്ട്. എന്നാൽ മന്ത്രിസഭ പിരിച്ചുവിട്ടതോടുകൂടി ഗോദയിൽ പോരാടാൻ എതിരാളികളില്ലാതെ അവർ തളർന്നു.പിന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയെപറ്റി ഇവർ ചിന്തിച്ചത് അടിയന്തിരാവസ്ഥക്കാലത്താണ്. നിശബ്ദമാക്കപ്പെടുന്ന കാലത്തിന്റെ വൈപരീത്യം അവരെ അലോസരപ്പെടുത്തി. ക്രൂരമർദ്ദനത്തിന് ഇരയാക്കപ്പെട്ടവരുടെ വിഹ്വലതകൾ വലിയ പ്രത്യയശാസ്ത്രപ്രതിസന്ധികളാണ് ഇവരിലുണ്ടാക്കിയത്. മൂന്നാറിൽ തേയിലതോട്ടം വാങ്ങി അങ്ങോട്ട് പോയ പാതിരിയേയും രാവുത്തരേയും ബൂർഷ്വാമുതലാളിമാരായാണ് അവിടെയുള്ളവർ കാണുന്നത്. തൊഴിലാളിപ്രശ്നങ്ങളിലും നക്സലൈറ്റ് ആക്രമങ്ങളിലും പെട്ട് വലതുകൈ നഷ്ടപ്പെട്ട് അവർക്ക് നാടുവിടേണ്ടതായിവന്നു .ഒരു പ്രത്യയശാസ്ത്രത്തിനും രക്ഷിക്കാനാവാത്ത തീവ്രദുരന്തത്തിലേക്കാണ് ഒടുവിൽ അവർ എത്തിച്ചേർന്നത് .സത്യം മാത്രമാണ് നമ്മൾ വിളിച്ചുപറഞ്ഞത്. അതിനെയന്ന് ലോകം തിരസ്കരിച്ചു.പിന്നീട് കാലം അത് ശരിവെച്ചെങ്കിലും നമ്മളായിരുന്നു ശരിയെന്ന് എതിരാളികൾതന്നെ തെളിയിച്ചു. എന്തൊരു വിരോധാഭാസം. ഒടുവിൽ നട്ടെല്ലില്ലാത്ത വിപ്ലവചിന്തകളാണ് തങ്ങളുടെ പരാജയത്തിന് കാരണമെന്നവർ കണ്ടെത്തുന്നു. അപ്പോഴേക്കും വൈകിക്കഴിഞ്ഞിരുന്നു. ഒടുവിൽ യഥാർത്ഥവിമോചനം തിരിച്ചറിഞ്ഞ് പാതിരിയുടെ കുഴിമാടത്തിൽ നിന്നുകൊണ്ട് റാവുത്തർ വിളിച്ചുപറഞ്ഞു. ഈങ്കലാബ്. രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങളും നിലപാടുകളും വലിച്ചിഴയ്ക്കുന്ന സ്വത്വപ്രതിസന്ധിയുടെ വലിയ അരക്ഷിതമാനങ്ങളെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്.

അധികാരത്തിന്റെ തലങ്ങൾ എന്നും വിഭിന്നഭാവത്തിൽ അധിനിവേശം നടത്തുകയും അതിന്റെ പാരമ്യത്തിൽ ഹിംസാത്മകമാവുകയും ചെയ്യാറുണ്ട്. ചരിത്രത്തെപ്പോലും നിർണയിക്കുന്ന ഈ ചൂഷണം അസഹനീയമാകുമ്പോൾ വിപ്ലവത്തിന്റെ ഒരു മിന്നൽ പ്രവാഹമുണ്ടാവുകയും കിരീടത്തിൽ മണൽ പുരളുകയും ചെയ്യും. പിന്നീട് അധികാരത്തിലെത്തുന്നവരും ഇതേവഴിയെ സാവധാനം ചൂഷകരായി മാറുന്നത് കാലത്തിന്റെ നൈതികതയാണ്. ഇത് എപ്പോഴും ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കും.ഈ നിരീക്ഷണത്തിന്റെ തലങ്ങൾ അന്തർഭാവമായി അബിൻ ജോസഫിന്റെ കഥകളിലുണ്ട്. ഉപഭോഗാധിഷ്ഠിതമായ പുതുകാലം പണത്തിനും ലാഭത്തിനുംവേണ്ടി ബന്ധങ്ങൾക്കപ്പുറംഎങ്ങനെ ഹിംസാത്മകമായി മാറുന്നു എന്നതിന്റെ തലങ്ങളും ഇതോടൊപ്പം കാണാം. വിധിവൈപരീത്യങ്ങളുടെ കെട്ടുപാടുകളിൽ നിന്ന് ഒഴിഞ്ഞുമാറാനാവാത്ത മനുഷ്യന്റെ നിസ്സഹായതയും പൈതൃകവും ജനിതകബന്ധങ്ങളും ചുറ്റിപ്പിണയുന്ന വാസനകൾക്ക് വഴിപ്പെട്ടു ജീവിക്കുന്നവന്റെ അടിമത്വവും ഒപ്പമുണ്ട്. നിർവചിക്കാനാവാത്ത സ്വത്വപ്രശ്നങ്ങളും അവയുണർത്തുന്ന സന്ദേഹങ്ങളും ലൈംഗികതൃഷ്ണയുടെ അനിർവചനീയതയും പുതുഭാവുകത്വമായി നിറയുമ്പോൾ മലയാളചെറുകഥാസാഹിത്യത്തിലെ വേറിട്ട മുഖമായി അബിൻ ജോസഫിന്റെ കഥകൾ മാറുന്നു.

ISSN No: 3049-0316

സഹായകഗ്രന്ഥങ്ങൾ

1. Said, Edward W. Culture and Imperialism. New York: Vintage Books, 1994.
2. Said, Edward W. Orientalism. New York: Vintage Books, 1978.
3. Bhabha, Homi K. The Location of Culture. London: Routledge, 1994.
4. അബിൻ ജോസഫ് ,കല്യാശ്ശേരി തീസീസ്,ഡി.സി ബുക്ക്സ് കോട്ടയം.2025
5. അച്യുതൻ, എം ചെറുകഥ ഇന്നലെ ഇന്ന് ,ഡി.സി ബുക്ക്സ് കോട്ടയം.2021
6. അപ്പൻ. കെ പി, ക്ഷോഭിക്കുന്നവരുടെ സുവിശേഷം,നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 2021